(സി) സംസ്ഥാനത്തെ 21 പോളിടെക്നിക്കുകളിലും 2 എഞ്ചിനീയറിംഗ് കോളേജുകളിലും 3 ആർട്ട്സ് & സയൻസ് കോളേജുകളിലും തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം (1) ൽ ചേർത്തിട്ടുണ്ട്.†

(ഡി) തൊഴിലധിഷ്ഠിത തുടർവിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് താല്പര്യമുള്ള പോളിടെക്നിക്കുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ, ആർട്ട്സ് & സയൻസ് കോളേജുകൾ എന്നിവ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി തുടർ വിദ്യാഭ്യാസ കേന്ദ്രത്തിന്റെ ഡയറക്ടറിൽ നിന്നും അനുമതി വാങ്ങി ആരംഭിക്കുന്നതാണ്.ഇതിനെപ്പറ്റിയുള്ള വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ 3-2-1998-ലെ ജി.ഒ. (എം.എസ്.) 9/98/ഉവിവ പ്രകാരവും 11-02-2000 ലെ ജി. ഒ. (എം. എസ്.) 18/2000/ഉവിവ ഉത്തരവു പ്രകാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഇ&എഫ്) തുടർവിദ്യാഭ്യാസ കേന്ദ്രങ്ങൾ തുടങ്ങുവാൻ താല്പര്യമുള്ള ആർട്സ് & സയൻസ് കോളേജുകൾ പോളിടെക്നിക്കുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സെന്ററിന് നൽകിയാൽ ഘട്ടംഘട്ടമായി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഈ പദ്ധതി നടപ്പിലാക്കാമെന്നാണ് ഉദ്ദേശിക്കുന്നത്.

ഉന്നതതല വിദ്യാഭ്യാസ രംഗത്തെ പാഠ്യപദ്ധതി മാറ്റംവരുത്താൻ ഉപദേശക സമിതി

11 (*689) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. രാഘവൻ
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. സി. പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഉന്നതതല വിദ്യാഭ്യാസ രംഗത്തെ പാഠ്യപദ്ധതി പഠനരീതി, വിവര സാങ്കേതിക വിദ്യാരംഗത്തെ വികസനത്തിന് അനുസൃതമായ മാറ്റങ്ങൾ എന്നീ കാര്യങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനായി ഉപദേശക സമിതിയെ നിയോഗിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത സമിതിയുടെ ഘടന എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ ഉന്നതതല വിദ്യാഭ്യാസ രംഗത്തെ പാഠ്യപദ്ധതി, പഠന രീതി എന്നിവ സംബന്ധിച്ച് ഇതിനുമുൻപ് എന്തെങ്കിലും പഠനം നടത്തിയതായി അറിവുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

---

†അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇപ്പോൾ രൂപീകരിച്ചിരിക്കുന്ന ഉപദേശക സമിതിയുടെ ടേംസ് ഓഫ് റഫറൻസ് എന്തൊക്കെ എന്ന് നിശ്ചയിക്കുമോ ; എങ്കിൽ എന്ത് എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഉപദേശക സമിതിയുടെ നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ & ബി) ഉണ്ട്.

(സി) വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനും കേരള യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ, വൈസ്ചെയർമാനും ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി, ഇൻഫർമേഷൻ ടെക്നോളജി സെക്രട്ടറി, കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാല വൈസ് ചാൻസലർ, വി.എസ്.എസ്.സി ഡയറക്ടർ ശ്രീ. ജി. മാധവൻ നായർ, എ.ഐ.സി.ടി.ഇ.-യിലെ പ്രൊഫ. മീനാക്ഷി ഗൗതം, മദ്രാസ് ഐ. ഐ. റ്റിയുടെ ഡയറക്ടർ ആർ. നടരാജൻ, തിരുവനന്തപുരം ടെക്നോപാർക്ക് ഇന്റർ നാഷ്ണൽ ബിസിനസ്സ് സർവ്വീസിന്റെ ചെയർമാൻ ശ്രീ. വി. കെ. മാത്യൂസ് എന്നിവർ അംഗങ്ങളായും ടെക്നിക്കൽ എഡ്യൂക്കേഷൻ ജോയിന്റ് ഡയറക്ടർ ശ്രീ. എം. മാധവൻ സെക്രട്ടറിയായും കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ഹയർ എഡ്യൂക്കേഷൻ എന്ന സമിതി രൂപീകരിച്ചിട്ടുണ്ട്.

(ഡി) കേരള, കാലിക്കറ്റ്, കൊച്ചി, ശാസ്ത്രസാങ്കേതിക സർവ്വകലാശാലകളുടെ പ്രവർത്തനത്തെപ്പറ്റി പഠിക്കുവാൻ ഡോ. മാൽക്കം ആദിശേഷയ്യ അദ്ധ്യക്ഷനായ കമ്മിഷനേയും ഡോ. എം. വി. പൈലി അദ്ധ്യക്ഷനായുള്ള കമ്മീഷനേയും നിയമിച്ചിരുന്നു.

(ഇ) ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ചിട്ടില്ല.

(എഫ്) സമിതിയുടെ കാലാവധി ഒരു വർഷത്തേയ്ക്കാണ് നിശ്ചയിച്ചിട്ടുള്ളത്. റിപ്പോർട്ട് സമർപ്പിക്കാൻ പ്രത്യേക സമയ പരിധി നിശ്ചയിച്ചിട്ടില്ല. കാലാകാലങ്ങളിൽ വേണ്ട നിർദ്ദേശം സമർപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

9-ാം പഞ്ചവത്സര പദ്ധതികാലത്ത് കൈവരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള നേട്ടങ്ങൾ

12 (*690) ശ്രീ. പി. കെ. കുമാരൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി 9-ാം പഞ്ചവത്സര പദ്ധതികാലത്ത് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly